# ശാപം

ടി. എ. രാജലക്ഷ്മി



ശാപം

ടി. എ. രാജലക്ഷ്മി
(മലയാളം: കഥ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution By ShareAlike 4.0 International License for free download and usage.

Cover: Tree and house, a painting by Amedeo Modigliani (1884–1920). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ശാപം

"രാംശരൺ, ആരാണ് ആ പെൺകുട്ടി?"

"പുരോഹിതന്റെ മകൾ ആയിരിക്കണം. ഇതിനടുത്താണ് അദ്ദേഹത്തിന്റെ താമസം."

"ഭാർഗ്ഗവാചാര്യന്റെയോ?"

"അതെ. തിരുമേനി."

"അത്ഭുതം. ദർഭപ്പുല്ലിന്മേൽ റോസാപ്പൂ വിരിയുക."

"ഈ കന്യകയുടെ അമ്മ അതിസുന്ദരിയായിരുന്നു എന്നു കേട്ടിട്ടുണ്ട്."

"അവരിപ്പോഴില്ലേ?"

"മരിച്ചു. പുരോഹിതന് ലോകത്ത് ഇപ്പോൾ ആകെ ഉള്ളത് ഈ മകൾ മാത്രമാണ്."

"എന്തൊരു അഭൗമലാവണ്യം."

"അമ്മയുടെ തനി ഛായയാണെന്നാണ് പറയപ്പെടുന്നത്."

മഹാരാജാവിന് അവൾ നടന്നു മറഞ്ഞ വഴിയിൽ നിന്ന് കണ്ണ് പറിക്കാൻ പറ്റുന്നില്ല.

വനദേവത...

"മൂടൽമഞ്ഞിന്റെ മറനീക്കി ആ അപ്സരസ്സ് അങ്ങനെ നടന്നടുത്തപ്പോൾ വസന്തം എതിരെ വരികയാണ് എന്ന് തോന്നിയില്ലേ രാംശരൺ?"

രാംശരൺ കൈകൊണ്ട് വായപൊത്തി ചിരിച്ചു.

"നീ ഒരു അരസികനാണ് രാംശരൺ?"

മഹാരാജാവ് കുതിരയെ തിരിച്ചു. കൊട്ടാരത്തിൽ എത്തും വരെ പിന്നെ ഒന്നും മിണ്ടുക ഉണ്ടായില്ല.

സ്വാമിയെ അറിയാവുന്ന രാംശരണും ഒന്നും മിണ്ടിയില്ല.

മുഷിവ് മാറാൻ വേണ്ടി സവാരിക്കിറങ്ങിയതാണ്.

മഹാരാജാവ് മനോരാജ്യത്തിൽ ലയിച്ചു. അന്തഃപുരത്തിലെ ആ അരോചകമായ വൈവിധ്യരാഹിത്യം കൊണ്ട് മടുത്താണ് വ്യായാമം എങ്കിലും ആവട്ടെ എന്ന് വെച്ച് ഇറങ്ങിതിരിച്ചത്.

യുദ്ധഭൂമിയിലെ കാർക്കശ്യവും കഷ്ടപ്പാടും കഴിഞ്ഞ് തിരിച്ചെത്തിയപ്പോൾ കുറച്ചു ദിവസത്തേക്ക് ഈ സുഖജീവിതം ആനന്ദമായി.

ഓ, അതെത്രവേഗം ചെടിച്ചു.

വൈവിദ്ധ്യം എന്നൊന്നില്ല.

ഇന്നലത്തെപ്പോലെ ഇന്ന്. ഇന്നത്തെപ്പോലെ നാളെ. ഒരു വ്യത്യാസവുമില്ല.

എന്നിട്ട് ഇന്ന് കാലത്തേ ധവന്റെ പുറത്തു കയറി രാംശരണേയും കൊണ്ട് പുറപ്പെട്ടപ്പോൾ ഇങ്ങനെ ഒരു ഒരനുഭവം പ്രതീക്ഷിച്ചിരുന്നോ?

മാവിൻ തോപ്പിലെ മരങ്ങളുടെ ഇടയിൽക്കൂടി മഴവില്ലുപോലെ ഒരു അപ്സരസ്സ് പെട്ടെന്നിങ്ങനെ പ്രത്യക്ഷപ്പെടുമെന്ന്...

പിറ്റേദിവസവും അതേസമയത്ത് രാജാവ് രാംശരണിനേയും കൂട്ടി മാന്തോപ്പിന്റെ വക്കത്തെത്തി.

യാമങ്ങൾ കഴിഞ്ഞു. നിന്നു നിന്നു മടുത്തു. കാണാൻ കൊതിച്ചത് കണ്ടില്ല.

കുടവും അരയിൽ ഒതുക്കി ഈറൻ തലമുടിക്ക് മുകളിൽ കൂടി സാരിത്തുമ്പ് വലിച്ചിട്ട് ആ ദേവത പ്രത്യക്ഷപ്പെട്ടില്ല.

വെയിൽ ഉദിച്ചപൊങ്ങിയപ്പോൾ തിരിച്ചുപോന്നു. തലേന്നാളത്തെ പോലെ സുഖദചിന്തകൾ അല്ലായിരുന്നു ഉള്ളിൽ.

പിറ്റേന്നും അതിന്റെ പിറ്റേന്നും വന്നു. തോപ്പിലൂടെ നടന്ന് ചിറക്കരവരെപോയി. താഴ്ന്ന് പന്തലിച്ചു കിടന്ന മരങ്ങൾക്കിടയിലൂടെ കുതിരയോടിക്കാൻ വയ്യ. ഇറങ്ങി നടന്നു. പലരും കുളിക്കുന്നുണ്ട് ചിറയിൽ. കണ്ണ് തിരക്കിയ ആൾ മാത്രം ഇല്ല.

കുറെക്കൂടി നേർത്തേ ആക്കി വരവ്. ഇല്ല എന്നിട്ടും പറ്റിയില്ല.

ഓരോ ദിവസവും കാണാതെ മടങ്ങിപ്പോരുമ്പോൾ അവൾ കൂടുതൽ കൂടുതൽ ആകർഷകയാവുകയാണ്.

കളിക്കോപ്പ് കയ്യിൽ കിട്ടുന്നതിനുമുമ്പ് നഷ്ടപ്പെട്ടുപോയ കുട്ടി.

'ദർശനം നിഷേധിക്കപ്പെടുമ്പോൾ കൂടുതൽ കൂടുതൽ പ്രിയദർശിനി' ആവുകയാണ് അവൾ.

രാംശരണിന് മടുത്തു.

അയാൾ സൂത്രത്തിൽ ഒരന്വേഷണം നടത്തിവന്നു.

പുരോഹിതപുത്രി ദിവസവും വെള്ളം കൊണ്ടുവരുന്നതിന് ചിറയിലേക്ക് പോകാറില്ല. അച്ഛന്റെ കൺമണിയാണ് മകൾ. അവളെ സാധാരണ ഇത്രയും ദൂരം തനിയെ അയയ്ക്കാറില്ല. അന്ന് എന്തോ പ്രത്യേക കാരണം കൊണ്ട് ആ കന്യക അവിടം വരെ പോയതാണ്.

അവരുടെ താമസസ്ഥലത്ത് കുളമുണ്ട്. അവിടെയാണ് സാധാരണ കുളിക്കുക.

ചിറക്കരയിലും മാവിൻതോപ്പിലും കാത്തുനിന്നിട്ട് കാര്യമില്ല.

വെളുപ്പാൻകാലത്തെ സവാരി നിന്നു. ഒരാഴ്ച രാജാവ് സഹിച്ചു. ഇത് ഒരു ജ്വരംപോലെയായിത്തീരുകയാണ്.

"രാംശരൺ"

"തിരുമേനി..."

"എനിക്കവളെ കിട്ടിയേ തീരൂ."

"പുരോഹിതൻ..."

"അതാണ് പറയാൻ തുടങ്ങിയത്. പുരോഹിതനോട് ചെന്ന് ചോദിക്കൂ."

"ബ്രാഹ്മണകന്യക..."

"ഈ അംബർ രാജ്യത്തിലെ ഭരണാധികാരിയാണ് ഞാൻ."

"തിരുമേനി, പുരോഹിതനെ ഭീഷണിപ്പെടുത്താൻ..."

"മൂന്ന് ഉപായങ്ങളും നോക്കിക്കോളൂ..."

"അങ്ങനെ വഴങ്ങുന്ന ആളല്ല അത്."

"അങ്ങനത്തെ ഒരാളുണ്ടോ?"

"ആ ബ്രാഹ്മണൻ... ഈ വിചാരം മനസ്സിൽനിന്നു കളയൂ. തിരുമേനി."

"എടോ, ഭീഷണിയല്ലാതെ വേറെ ഉപായമൊന്നുമില്ലേ? അംബർ രാജാവിന്റെ പട്ടമഹിഷി—"

"പട്ടമഹിഷിയോ തിരുമേനി? അപ്പോൾ സുനന്ദാദേവി..."

നഗരത്തിന്റെ അതിർത്തിവിട്ട് കുറച്ചു ദൂരെയാണ് പുരോഹിതന്റെ കൊച്ചു വീട്. മാവുകൾ അന്യോന്യം തൊട്ടുരുമ്മി പടർന്നു പന്തലിച്ച് കാടുപോലെ കിടക്കുന്ന തോപ്പിന്റെ വക്കത്ത്.

സ്വൽപ്പം ശങ്കയോടെയാണ് അന്ന് വൈകുന്നേരം രാംശരൺ ആ പുൽമേഞ്ഞ പുരയുടെ മുറ്റത്ത് ചെന്നു നിന്നത്.

ചുമച്ചു തൊണ്ടയനക്കി ശബ്ദം ഉണ്ടാക്കിയപ്പോൾ പുരോഹിതൻ ഇറങ്ങി വന്നു.

നെഞ്ചുവരെ എത്തുന്ന നീണ്ട താടി. മുഖത്ത് എല്ലുകൾ എഴുന്നു നിൽക്കുന്നു. നരച്ച പുരികങ്ങൾക്കു താഴെ രണ്ടു കുഴിയിൽ തീക്ഷ്ണമായ കണ്ണുകൾ.

കുശലപ്രശ്നാദികൾ കഴിഞ്ഞു. ഇനി കാര്യം പറയണ്ടേ?

എങ്ങനെയാണ് തുടങ്ങുക. ബ്രാഹ്മണന്റെ ക്ഷമ നശിക്കും മുമ്പ് പറഞ്ഞില്ലെങ്കിൽ...

"ആചാര്യൻ സഹധർമ്മിണി മരിച്ചിട്ട് പിന്നെ വിവാഹം..."

"ഇല്ല. ഞാൻ പുനർവിവാഹം ചെയ്തില്ല."

"അപ്പോൾ മകൾക്ക് തുണക്ക്."

"ഞാൻ ഉണ്ട്."

"സ്ത്രീകൾ ആരും... കുട്ടി മുതിർന്നില്ലേ?"

പുരോഹിതന്റെ പുരികങ്ങൾ ഉയർന്നു കൂട്ടിമുട്ടി.

"വേറൊരാൾക്കു വേണ്ടി കന്യകയെ യാചിക്കാനാണ് ഞാൻ വന്നത്." രാംശരൺ ധൃതിയിൽ പറഞ്ഞു.

"ഉം" ഒരു മൂളൽ മാത്രം.

"പെൺകൊടിക്ക് പ്രായം..."

"ആരാണ് ആൾ?"

"ഗുരോ, അങ്ങയുടെ പുത്രി ലക്ഷ്മീദേവിയാണ്."

"ആരാണ് വരണാർത്ഥി?"

"അവളുടെ സൗന്ദര്യത്തിന്റെ കീർത്തികേട്ട്..."

"ആൾ ആരാണെന്നു പറയൂ."

"അങ്ങയുടെ കന്യക രത്നമാണ്. എല്ലാ രത്നങ്ങളും ചേരേണ്ട സ്ഥാനം..."

പുരോഹിതൻ ഒന്നും മിണ്ടിയില്ല.

രാംശരണിന് സാധാരണ തോന്നാത്ത ഒരു പരുങ്ങൽ...

ഒരു സൈന്യം മുഴുവൻ എതിരേ വന്നാലും കുലുങ്ങാത്തവൻ ആണ്. ഏതു കിണഞ്ഞ യുദ്ധത്തിലും സ്വാമിയുടെ കുതിരയുടെ പിന്നിൽ നിന്ന് മാറിയിട്ടില്ല. ഈ ബ്രാഹ്മണന്റെ നോട്ടത്തിന് മുമ്പിൽ...

"രാജാധിരാജനാണ് എന്നെ പറഞ്ഞയച്ചത്. അങ്ങയുടെ പുത്രി തിരുമേനിയുടെ അന്തഃപുരേശ്വരി..."

"എന്ത്?"പുരോഹിതൻ ചാടിയെഴുന്നേറ്റു. രാംശരണും എണീറ്റു.

"മഹാരാജാവിന്റെ പട്ടമഹിഷി—അംബർ രാജ്യത്തിലെ മഹാറാണി..."

"എന്തു പറഞ്ഞു?"

"ഓർത്തു നോക്കൂ, അങ്ങയുടെ പൗത്രൻ സിംഹാസനത്തിൽ..."

"നിർത്ത്."

അതൊരു ഗർജ്ജനമായിരുന്നു. രാംശരൺ ഞെട്ടിപ്പോയി.

"രാജാവിന് അത് പറയാൻ ധൈര്യംവന്നോ? ബ്രാഹ്മണകന്യക..."

"മഹാരാജാവ്..."

"മഹാരാജാവ്—ഭാർഗ്ഗവ വംശത്തിൽ പിറന്ന കന്യകയെ..."

"അദ്ദേഹം ക്ഷത്രിയനാണ്."

"ക്ഷത്രീയൻ—നീചൻ..."

"ബ്രാഹ്മണകന്യകയെ ക്ഷത്രിയന് വരിച്ചുകൂടെന്നില്ലല്ലോ. അത് ശാസ്ത്രം നിഷേധിച്ചിട്ടൊന്നുമില്ല."

"ഏത് ശാസ്ത്രമാണ് അത് അനുവദിച്ചിരിക്കുന്നത്?"

"ശുക്രപുത്രി യയാതിയെ വരിച്ചില്ലേ?"

"ശുക്ര പുത്രി—വേണ്ട. ഒന്നും പറയണ്ട. യാഗഭാഗം ശ്വാനനു നക്കാനുള്ളതല്ല."

"ശ്വാനൻ—പുരോഹിതരെ, അങ്ങ് ആലോചിക്കാതെ സംസാരിക്കുകയാണ്."

"ഛീ. കടക്ക് പുറത്ത്. ഒരക്ഷരം മിണ്ടിപ്പോകരുത്. എന്റെ മകളെ തരില്ല."

കാറ്റത്ത് കുതിരയോടിച്ച് കൊട്ടാരത്തിൽ എത്തിയപ്പോഴേക്കും രാംശരണിന്റെ തല തണുത്തു. അയാളുടെ കോപം ഒന്നടങ്ങി.

രാജാവ് അക്ഷമനായി കാത്തുനിൽക്കുന്നു.

"എന്തായി"

"പുരോഹിതൻ തരില്ല. ബ്രാഹ്മണകന്യകയെ ക്ഷത്രിയനു കൊടുക്കില്ല."

"തീർത്തു പറഞ്ഞോ? പട്ടമഹിഷി ആക്കാമെന്ന് പറഞ്ഞില്ലേ?"

"പറഞ്ഞു. എല്ലാം പറഞ്ഞു, സ്വാമി ഒന്നും അദ്ദേഹത്തിന്റെ ചെവിയിൽ കേറില്ല."

"സുനന്ദാദേവി ഇരിയ്ക്കുമ്പോൾ പട്ടമഹിഷി ആക്കാമെന്ന് നാം പറഞ്ഞിട്ട്"

"ആ ബ്രാഹ്മണന്..."

"ബ്രാഹ്മണൻ—ഇതിന് പകരം ചോദിച്ചിട്ട് മേൽക്കാര്യം."

"ഭാർഗ്ഗവാചാര്യൻ ഇവിടത്തെ മിക്ക കുടുംബങ്ങളിലേയും പുരോഹിതൻ ആണ്. അദ്ദേഹത്തെ ശിക്ഷിക്കുകയോ ദണ്ഡിപ്പിക്കുകയോ ചെയ്താൽ ജനങ്ങൾ..."

"അയാളെ ശിക്ഷിക്കുമെന്ന് ആര് പറഞ്ഞു?"

"തിരുമേനി, ഘോരമാന്ത്രികനാണ് അയാൾ തീകൊണ്ട് കളിക്കലാവും അത്. ഒരു വയസ്സന്റെ അവിവേകം—അങ്ങ് ക്ഷമിക്ക് തിരുമേനി. പിന്നെ ആ പെണ്ണ്—അതിലും സുന്ദരിമാർ എത്ര പേരുണ്ട്. വല്ലാത്തവനാണ് ആ ബ്രാഹ്മണൻ."

"നീ പേടിക്കണ്ട. അയാളെ ഞാൻ ഒരു പാഠം പഠിപ്പിക്കും. അയാൾ ഇങ്ങോട്ട് കാൽപിടിക്കാൻ വരും."

ബ്രാഹ്മണകന്യക...

അവളൊന്ന് തിരിഞ്ഞുനോക്കിയോ? പാവം പെണ്ണ്.

പുരോഹിതപുത്രിയുടെ ദിനചര്യകൾ പഠിച്ചുവരാൻ രാംശരൺ നിയുക്തനായി. അയാൾ സമ്മതമില്ലാതെ പോയി. തിരുവായ്ക്കെതിർവായുണ്ടോ?

കന്യക ദിവസവും കാലത്ത് കുളിക്കാൻ പോകും. സ്വന്തം കുളത്തിലാണ്. തനിയെയാണ് പോവുക.

പുരോഹിതനും മകളുമല്ലാതെ ഒരു വൃദ്ധമാത്രമേയുള്ള വീട്ടിൽ. അടുത്തെങ്ങും വേറെ വീടുകളുമില്ല.

ഒരു ദിവസം കാലത്ത് പെൺകിടാവ് കുളിക്കാൻ പോകുമ്പോൾ കുളക്കരയിൽ കുതിരപ്പുറത്തു നിന്ന് വീണ് അവശനിലയിൽ ഒരു യോദ്ധാവിനെ കാണുകയുണ്ടായി.

അയാൾക്ക് കുറച്ച് വെള്ളം കുടിക്കാൻ വേണം.

അയാളെ കുതിരനിൽക്കുന്നിടംവരെ നടക്കാൻ അവൾ സഹായിക്കുകയുമുണ്ടായി. കുളികഴിഞ്ഞ് തിരിച്ചെത്തിയപ്പോൾ എല്ലാം പറയുന്ന ധാത്രിയോട് ഈ സംഭവം അവൾ എന്തുകൊണ്ടോ പറയുകയുണ്ടായില്ല. അന്ന് സന്ധ്യക്ക് പ്രാർത്ഥനക്കിരുന്നപ്പോൾ പീലിത്തിരുമുടിയും കിങ്ങിണിയും അരമണിയുമായി ഉണ്ണിക്കണ്ണനല്ലായിരുന്നു മുമ്പിൽ.

മണ്ണിൽ അവശനിലയിൽകിടന്ന് തന്നെ ദയനീയമായി നോക്കുന്ന ഒരു ദീർഘകായൻ. അങ്ങനെ ആ പഴയ നാടകം ആ പുൽമേഞ്ഞ പുരയുടെ നിഴലിൽ നിന്നകന്ന പറമ്പിൽ ആടുകയുണ്ടായി.

ഋഷികന്യകയും പൌരവനും.

പറഞ്ഞ് എരികേറ്റാൻ അനസൂയയും പ്രിയംവദയും ഇല്ലായിരുന്നു.

അൻപോടെ നോക്കിനിൽക്കാൻ മാൻകിടാങ്ങളും ഇല്ലായിരുന്നു.

മാവിൻ ചില്ലകൾക്കിടയിൽക്കൂടി വരുന്ന കാറ്റ് ചൂളം അടിച്ച് കടന്നുപോയി.

കുളക്കരയിലെ പഞ്ചസാരമണൽ പുച്ഛിച്ച് ചിരിച്ചു.

ആ അമ്മയില്ലാത്ത പാവം കുട്ടി നട്ടു നനച്ച് അരുമയായി വളർത്തിയ വെള്ളമന്ദാരം മാത്രം ദുഃഖിച്ച് കണ്ണ് ചിമ്മി. അതിലെ വെള്ളപ്പൂക്കൾ കണ്ണടക്കുന്നത് അവൾ ശ്രദ്ധിക്കുക ഉണ്ടായില്ല. ജീവിതാനന്ദം ഉടലെടുത്തുനിന്ന് മാടിവിളിക്കുമ്പോൾ—ആ കുളക്കരയിലെ കട്ടെടുത്ത നിമിഷങ്ങൾ മാത്രമാണ് ജീവിതം. ബാക്കിയെല്ലാം അയവിറക്കൽ.

മാസങ്ങൾ കഴിഞ്ഞു,

വല്ലികൾ പൂക്കുന്നതും ഇലകൊഴിയുന്നതും ശ്രദ്ധിക്കാത്ത കാലം കുതിച്ചു പാഞ്ഞു.

കവിത തീർന്നു. കടുത്ത യാഥാർത്ഥ്യം മാത്രമാണ് ഇപ്പോൾ മുൻപിൽ

അവസാനം ഒരു ദിവസം പുരോഹിതനും അറിഞ്ഞു.

"ആരാണ് നിന്നെ ചതിച്ചത്? പറയ്"

അവൾ ഒന്നും മിണ്ടിയില്ല.

"പറയ്. പറയ്" വൃദ്ധൻ ഗർജ്ജിച്ചു. "ആരാണെന്ന് പറയ്"

പുരോഹിതൻ മകളെ തലമുടി ചുറ്റിപ്പിടിച്ച് വലിച്ചു. അവളിൽ നിന്ന് ഒരു ദീനസ്വരം പോലുമില്ല.

വൃദ്ധൻ ഭ്രാന്തനായി മാറുകയാണ്.

"പറയ്. പറയ്"

ജന്തുബലിക്ക് ഉപയോഗിക്കുന്ന വാൾ കാളിയുടെ മുമ്പിൽ ഇരിപ്പുണ്ട്. അത് കൈയിൽ വന്നത് എങ്ങനെയെന്ന് പുരോഹിതൻ അറിഞ്ഞില്ല.

"പറയ്. പറയ്."

അവൾ തലപൊക്കിയതു തന്നെയില്ല.

വൃദ്ധന്റെ കൈ ഉയർന്നു താണു.

ആ സാധു പെൺകുട്ടിയുടെ കഷ്ടപ്പാടുകൾ അവസാനിച്ചു... മുറ്റത്ത് കാളീവിഗ്രഹത്തിന് മുമ്പിൽ ഹോമകുണ്ഡത്തിൽ തീ കത്തിജ്ജ്വലിച്ചു. പുരോഹിതൻ മകളുടെ ജീവനറ്റ ദേഹം കൈയിലെടുത്ത ഉപാസനാമൂർത്തിയുടെ മുമ്പിൽ നിന്നു.

"ദേവി, ഭദ്രകാളീ, ഞാൻ അവിടത്തെ സേവിച്ചിട്ടുണ്ടെങ്കിൽ ഇതു ചെയ്തവന് അതിനുള്ള ശിക്ഷകൊടുക്കണേ. ഇന്നേക്ക് ഒരു കൊല്ലം തികയുന്നതിനു മുമ്പ് അവനും എന്നെപ്പോലെ നീറി നീറി ചാകാൻ ഇടവരണേ." വൃദ്ധൻ മകളെയും കൊണ്ട് തീയിലേക്ക് ചാടി.

ആ വഴിയെ കടന്നുപോയ ഒരു ആട്ടിടയൻ മാത്രം ആ കൃത്യത്തിനു സാക്ഷിയായി. അയാൾക്ക് പുരോഹിതനെ ചെന്നു തടുക്കുവാനുള്ള ധൈര്യം ഉണ്ടായില്ല.

പുരോഹിതന്റെ നരബലിയുടെ ഘോരമായ കഥ നാട്ടിലാകെ പരന്നു. മഹാരാജാവിന്റെ ചെവിയിലുമെത്തി.

അദ്ദേഹം കേൾക്കാതിരിക്കാൻ രാംശരൺ കുറെ ശ്രമിച്ചു. ആറുമാസത്തിനുള്ളിൽ മഹാരാജാവ് കിടപ്പിലായി. രോഗം എന്താണെന്ന് കണ്ടുപിടിക്കാൻ ആർക്കും കഴിഞ്ഞില്ല. വൈദ്യൻമാരും മാന്ത്രികരും കിണഞ്ഞ് നോക്കിയിട്ടും ഗുണമില്ല.

കൊല്ലം തികയുന്ന ദിവസം ചോരയിൽ കുളിച്ച് സന്ധ്യനേരത്ത് അദ്ദേഹം മരിച്ചു.

(ഹൾ സായിപ്പിന്റെ Annals of Amber-ൽ അദ്ദേഹം ഇങ്ങനെ എഴുതിട്ടുണ്ട്. ബലിഷ്ഠനും ഭീമകായനും ആയ അജിത്സിങ്ങ് മഹാരാജാവ് ബ്രാഹ്മണശാപത്താൽ മരിച്ചു എന്നാണ് കഥ.)

□

# ടി. എ. രാജലക്ഷ്മി



ജനനം: ജൂൺ 2, 1930
മരണം: ജനുവരി 18, 1965
പഠിച്ച വിദ്യാലയം: ബനാറസ് ഹിന്ദു സർവ്വകലാശാല.
ശ്രദ്ധേയമായ രചന(കൾ): ഉച്ചവെയിലും ഇളംനിലാവും, ഞാനെന്ന ഭാവം.

## ജീവിതരേഖ

പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരിയിൽ തേക്കത്ത് അമയങ്കോട്ട് തറവാട്ടിൽ മാരാത്ത് അച്യുതമേനോന്റെയും ടി. എ. കുട്ടിമാളു അമ്മയുടെയും മകളായാണ് രാജലക്ഷ്മിയുടെ ജനനം. എറണാകുളം ഗവണ്മെന്റ് ഗേൾസ് ഹൈസ്കൂളിൽ ഭൗതികശാസ്ത്രത്തിൽ ബിരുദം നേടിയതിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ മലയാളസാഹിത്യത്തിൽ ബിരുദാനന്തരബിരുദത്തിനു ചേർന്നുവെങ്കിലും പഠനം പാതിയിൽ നിറുത്തി. പിന്നീട് രാജലക്ഷ്മി ബനാറസ് ഹിന്ദു സർവകലാശാലയിൽനിന്ന് 1953-ൽ ഭൗതികശാസ്ത്രത്തിൽ മാസ്റ്റർ ബിരുദംനേടി. പെരുന്താന്നി, പന്തളം, ഒറ്റപ്പാലം എൻ. എസ്. എസ്. കോളേജുകളിൽ അദ്ധ്യാപക വൃത്തിനോക്കി.

1956-ൽ മാതൃഭൂമി ആഴ്ചപ്പതിപ്പ് പ്രസിദ്ധീകരിച്ച 'മകൾ' എന്ന നീണ്ടകഥയിലൂടെയാണ് രാജലക്ഷ്മി ശ്രദ്ധിക്കപ്പെടുന്നത്. 1958-ൽ 'ഒരു വഴിയും കുറേ നിഴലുകളും' എന്ന നോവൽ ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചുതുടങ്ങി. 1960-ൽ 'ഉച്ചവെയിലും ഇളംനിലാവും' എന്ന നോവൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഖണ്ഡശ്ശയായി വന്നുതുടങ്ങിയെങ്കിലും ഏഴെട്ട് ഭാഗങ്ങൾക്കു ശേഷം രാജലക്ഷ്മിയുടെ ആവശ്യപ്രകാരം നോവൽ നിർത്തിവെച്ചു. തങ്ങളുടെ കഥയാണു രാജലക്ഷ്മി വിറ്റുകാശാക്കുന്നതെന്ന ചില ബന്ധുക്കളുടെ ആക്ഷേപമാണ് ഇതിനു കാരണമായത്. എഴുതിയ നോവൽ പിന്നീട് രാജലക്ഷ്മി കത്തിച്ചുകളയുകയുണ്ടായി. 1965-ൽ 'ഞാനെന്ന ഭാവം' എന്ന നോവൽ മാതൃഭൂമി ആഴ്ചപ്പതിപ്പിലൂടെ പുറത്തുവന്നു. മാതൃഭൂമിയെക്കൂടാതെ മംഗളോദയം, തിലകം, ജനയുഗം, നവജീവൻ എന്നീ പ്രസിദ്ധീകരണങ്ങളിലാണ് രാജലക്ഷ്മി കഥകൾ എഴുതിയിരുന്നത്. 1965 ജനുവരി 18-ന് രാജലക്ഷ്മി രാവിലെ വീട്ടിൽ നിന്ന് കോളേജിലേക്ക് പുറപ്പെട്ടു. പക്ഷേ, വീട്ടിൽ തിരിച്ചെത്തി ആത്മഹത്യ ചെയ്തു. അന്ന് അവർക്ക് 34 വയസ്സായിരുന്നു. ഇവരുടെ സഹോദരിയായിരുന്നു ഗണിതശാസ്ത്രജ്ഞയായ ടി. എ. സരസ്വതിയമ്മ

## പൈതൃകവും ബഹുമതികളും

മലയാളത്തിന്റെ എമിലി ബ്രോണ്ടി എന്നാണ് രാജലക്ഷ്മി അറിയപ്പെടുന്നത്. ഏഴ് ചെറുകഥയും ഒരു ഗദ്യ കവിതയും കവിതാ സമാഹാരവും, മൂന്ന് നോവലും എഴുതി. 'ഒരു വഴിയും കുറേ നിഴലുകളും' എന്ന കൃതിക്ക് 1960-ൽ നോവലിനുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് കിട്ടി. ഈ നോവൽ പിന്നീട് ദൂരദർശനിൽ സീരിയലായും ആകാശവാണിയിൽ നാടകമായും സംപ്രേക്ഷണം ചെയ്തു. മറ്റ് നോവലുകൾ 'ഞാനെന്ന ഭാവം', 'ഉച്ചവെയിലും ഇളം നിലാവും' എന്നിവയാണ്. "നിന്നെ ഞാൻ സ്നേഹിക്കുന്നു" എന്ന കവിതാ സമാഹാരം വളരെ ശ്രദ്ധിക്കപ്പെട്ടു.

## കൃതികൾ

### നോവലുകൾ

- ഒരു വഴിയും കുറേ നിഴലുകളും
- ഉച്ചവെയിലും ഇളംനിലാവും (അപൂർണ്ണം)
- ഞാനെന്ന ഭാവം

### കഥകൾ

- രാജലക്ഷ്മിയുടെ കഥകൾ
- സുന്ദരിയും കൂട്ടുകാരും
- മകൾ
- ആത്മഹത്യ

### കവിതകൾ

കമിള (1963), നിന്നെ ഞാൻ സ്നേഹിക്കുന്നു എന്നിങ്ങനെ രാജലക്ഷ്മിയുടെ രണ്ടു കവിതകൾ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചിരുന്നു.

## പുരസ്കാരങ്ങൾ

കേരള സാഹിത്യ അക്കാദമി അവാർഡ് (നോവൽ) 1960—ഒരു വഴിയും കുറേ നിഴലുകളും.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.